പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5143** **28.10.2016**-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ മൊത്തം കടം

| ചോദ്യം<br>ശ്രീ. പി. ഉണ്ണി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | 01.01.2011-ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി. യുടെ മൊത്തം കടം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | 01.01.2011-ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ മൊത്തം കടം 1245.93 കോടി രൂപയാണ്. |
| (ബി) | 01.01.2016-ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി. യുടെ ബാധ്യത എത്ര; | (ബി) | 01.01.2016-ലെ കണക്ക് പ്രകാരം 3052.36 കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.യുടെ ബാധ്യത. ഇതിൽ സർക്കാരിന്റെ വായ്പാ തുകയിൽ 1090.75 കോടി രൂപ 20.08.2015 -ലെ സ.ഉ.(കൈ) നം. 46/15/ഗതാഗതം ഉത്തരവ് പ്രകാരം സർക്കാർ ഓഹരിയാക്കുകയും ശേഷിച്ച തുക 548.11 കോടി രൂപ കൂടി മേൽ സൂചിപ്പിച്ച ബാധ്യത തുകയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിലെ സ്ഥിതി സംബന്ധിച്ച് പൊതുവായ അവലോകനം നടത്തിയിട്ടുണ്ട്. വിശദമായ അവലോകനം നടത്തി കെ.എസ്.ആർ.ടി.സി. യിൽ ഇപ്പോൾ നില നിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും സാമൂഹ്യ പ്രതിബദ്ധതയും സാമ്പത്തിക സ്വയം പര്യാപ്തതയുമുള്ള ഒരു സ്ഥാപനമാക്കി മാറ്റുന്നതിലേക്കും സമഗ്രമായ പുനരുദ്ധാരണം ലക്ഷ്യമിട്ട് പഠനം നടത്തുന്നതിനായി കൊൽക്കട്ടയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ സർക്കാർ കൺസൽട്ടന്റായി നിയോഗിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ വിശദാംശം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ